REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 19-04-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **വനിതാ സംവരണം നേരിടുന്ന എല്ലാ തടസ്സങ്ങളും ഗവൺമെന്റ് ഉന്മൂലനം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കേ പശ്ചിമ ബംഗാളിലും, തമിഴ്നാട്ടിലും പ്രചാരണം അവസാന ഘട്ടത്തിൽ.**
- **ഭാരത് മാരിടൈം ഇൻഷുറൻസ് പൂളിന് അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ്.**
- **ചട്ടമ്പിസ്വാമികളുടെ 102 -ാം മഹാസമാധി വാർഷികം ഇന്ന്.**
- **തൃശൂർ പൂരത്തിന് നാളെ കൊടിയേറും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് ഡർബനിൽ.**

## വാർത്തകൾ വിശദമായി

വനിതാ സംവരണം നേരിടുന്ന എല്ലാ തടസ്സങ്ങളും ഗവൺമെന്റ് ഉന്മൂലനം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ സ്ത്രീ സമൂഹത്തിന് ഉറപ്പു നൽകി. സംവരണത്തെ എതിർക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക് പാർലമെന്റിലും നിയമസഭകളിലും വർദ്ധിച്ചുവരുന്ന സ്ത്രീ പങ്കാളിത്തത്തെ തടയാനാവില്ല. വനിതകളെ ശാക്തീകരിക്കുമെന്ന NDA യുടേയും BJP യുടേയും തീരുമാനം അചഞ്ചലമാണെന്നും പ്രധാനമന്ത്രി ഇന്നലെ രാത്രി രാഷ്ട്രത്തെ അഭിസംബോധന ചെയ്യവെ വ്യക്തമാക്കി. നാരീ ശക്തി വന്ദൻ അധിനിയം നടപ്പാക്കാൻ കൊണ്ടുവന്ന നിയമനിർമ്മാണത്തിന് പാർലമെന്റിൽ മൂന്നിൽ

രണ്ട് ഭൂരിപക്ഷം നേടാനായില്ലെങ്കിലും ഇന്ത്യൻ സ്ത്രീ സമൂഹത്തിന്റെ നൂറു ശതമാനവും കേന്ദ്രഗവൺമെന്റിനൊപ്പമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബിൽ പാർലമെന്റിൽ പാസാക്കാൻ കഴിയാതെ പോയതിന് രാജ്യത്തെ അമ്മമാരോടും സഹോദരിമാരോടും മാപ്പു ചോദിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു .

.......ഓഡിയോ..........

PM വോയ്സ്

പാർട്ടിയാണ് എല്ലാമെന്ന് കരുതുന്ന ചിലർക്കുമുന്നിൽ വനിതാ ശാക്തീകരണവും ദേശീയ താൽപര്യവും ഇത്തരം പ്രത്യാഘാതം നേരിടേണ്ടി വരികയാണ്. വനിതകൾക്കായി കൊണ്ടുവന്ന നിയമനിർമ്മാണം ലോക്സഭയിൽ പരാജയപ്പെട്ടപ്പോൾ കോൺഗ്രസും DMK യും SPയും TMC യുമടക്കം കക്ഷികൾ ആഹ്ലാദം പ്രകടിപ്പിച്ചു. വനിതകളുടെ അവകാശങ്ങൾ നിഷേധിച്ചതിനെയാണ് അവർ സ്വാഗതം ചെയ്തതെന്ന് പ്രധാനമന്ത്രി കുറ്റപ്പെടുത്തി. ഈ നടപടി സ്ത്രീകളുടെ അന്തസ്സിനും ബഹുമാന്യതയ്ക്കും ഏറ്റ കനത്ത പ്രഹരമാണെന്നും അദ്ദേഹം വിലയിരുത്തി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

........വോയ്സ്.........

നാരീ ശക്തി വന്ദൻ അധിനിയം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പറഞ്ഞ നരേന്ദ്രമോദി ഓരോ സംസ്ഥാനത്തിന്റെയും ശബ്ദം പാർലമെന്റിൽ ശക്തിപ്പെടുത്താൻ നിയമനിർമ്മാണങ്ങൾ ആവശ്യമായിരുന്നു എന്നും അഭിപ്രായപ്പെട്ടു. ഇതിനെ എതിർത്ത രാഷ്ട്രീയ പാർട്ടികൾ തിരിച്ചടി നേരിടേണ്ടി വരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

2029-ലെ തെരഞ്ഞെടുപ്പിൽ വനിതാ സംവരണം എന്ന അവകാശം നീണ്ടകാലത്തിന് ശേഷം പ്രാവർത്തി കമാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചതെന്ന പ്രധാനമന്ത്രി വ്യക്തമാക്കി. 21-ാം നൂറ്റാണ്ടിലെ വനിതകൾക്ക് പുതിയ അവസരങ്ങളും പ്രാതിനിധ്യവും ഉറപ്പാക്കാനും വിലക്കുകൾ ഇല്ലാതാക്കാനും ഭേദഗതി അനിവാര്യമായിരുന്നു. ജനസംഖ്യയുടെ 50 ശതമാനത്തിലേറെ വരുന്ന വിഭാഗത്തിന് അവരുടെ പ്രാതിനിധ്യാവകാശം എന്ന പവിത്രമായ ലക്ഷ്യമായിരുന്നു ഗവൺമെന്റന്റേതെന്നും അദ്ദേഹം വിശദീകരിച്ചു. നിയമനിർമ്മാണത്തെ എതിർത്ത കോൺഗ്രസ് പരിഷ്കരണ വിരുദ്ധരാണെന്ന് ഒരിക്കൽ കൂടി വ്യക്തമാക്കിയതായി നരേന്ദ്രമോദി കുറ്റപ്പെടുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

മൻ കി ബാത്തിന്റെ 133-ാം പതിപ്പ് ഈ മാസം 26 -ന് പ്രക്ഷേപണം ചെയ്യും.

✪✪✪

ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജെ മ്യൂങ്-ന്റെ ഇന്ത്യാ സന്ദർശനം ഇന്നാരംഭിക്കും. മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും വ്യവസായ പ്രമുഖരും ഉൾപ്പെടുന്ന സംഘവും അദ്ദേഹത്തോടൊപ്പമുണ്ട്. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ലീ കൂടിക്കാഴ്ച നടത്തും. ആഗോള-പ്രാദേശിക വിഷയങ്ങൾ കേന്ദ്രീകരിച്ചായിരിക്കും ചർച്ചയെന്ന് വിദേശ കാര്യമന്ത്രാലയം അറിയിച്ചു. വിദേശ കാര്യമന്ത്രി ഡോ. S ജയശങ്കറുമായും അദ്ദേഹം ചർച്ച നടത്തും. ലീയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് നാലു ദിവസം മാത്രം ശേഷിക്കേ പശ്ചിമ ബംഗാളിലും, തമിഴ്നാട്ടിലും പ്രചാരണം അവസാന ഘട്ടത്തിലെത്തി. രണ്ടിടത്തും മറ്റന്നാൾ വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും.

മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് പശ്ചിമ ബംഗാളിലെ ബങ്കുര, പുരുലിയ, ജാർഗ്രാം ജില്ലകളിലെ പൊതുയോഗങ്ങളിൽ പ്രസംഗിക്കും. BJP നേതാവ് കേന്ദ്രമന്ത്രി JP നദ്ദ കൂച്ച്ബെഹാർ, ജൽപായ്ഗുഡി ജില്ലകളിലെ റാലികളിൽ പങ്കെടുക്കും. BJP പ്രസിഡന്റ് നിതിൻ നബിൻ മാൾഡയിൽ റോഡ് ഷോ യിൽ പങ്കെടുക്കും.

തമിഴ്നാട്ടിലെ ഈറോഡ് ശിവഗിരിയിൽ കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് പ്രചാരണം നടത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദി NDA സഖ്യത്തിനുവേണ്ടിയും, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി INDI സഖ്യത്തിനുവേണ്ടിയും തമിഴ്നാട്ടിലെ വടക്കൻ ജില്ലകളിൽ കഴിഞ്ഞ ദിവസങ്ങളിൽ പ്രചാരണം നടത്തി. ഈ മാസം 23നാണ് പശ്ചിമ ബംഗാളിലെ ആദ്യഘട്ട തിരഞ്ഞെടുപ്പ്. തമിഴ്നാട്ടിൽ അതേദിവസം ഒറ്റഘട്ടമായി വോട്ടിംഗ് നടക്കും.

✪✪✪

രാജ്യത്തെ ജനങ്ങൾക്ക് സമയബന്ധിതമായി തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതും വേതനം കൃത്യമായി നൽകുന്നതുമാണ് ഗവൺമെന്റിന്റെ പ്രഥമ പരിഗണനയെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. തൊഴിലില്ലായ്മ ഇല്ലാതാക്കാൻ ഗ്രാമ പഞ്ചായത്ത് തലത്തിൽ ആവശ്യമായ

തൊഴിലവസരങ്ങൾ സംസ്ഥാനങ്ങൾ ഉറപ്പുവരുത്തണമെന്നും അദ്ദേഹം പറഞ്ഞു. G-RAM-G നടത്തിപ്പ് അവലോകനം ചെയ്യാൻ ചേർന്ന വെർച്വൽ യോഗത്തിൽ സംസാരിക്കുകയായിരുന്നു ശിവരാജ് സിങ് ചൗഹാൻ.

✪✪✪

അപകടകരമായ കടൽ മാർഗങ്ങളിലൂടെ കടന്നു പോകു മ്പോൾ ഇന്ത്യൻ കപ്പലുകൾക്കും ചരക്കുകൾക്കും താങ്ങാ നാവുന്ന ഇൻഷുറൻസ് ലഭ്യമാക്കുന്ന ഭാരത് മാരിടൈം ഇൻഷുറൻസ് പൂളിന് അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് അറിയിച്ചു. ന്യൂഡൽഹിയിൽ മന്ത്രിതല സംഘത്തിന്റെ അനൗപചാരിക യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്.

ആഗോള വിതരണ വെല്ലുവിളികൾക്കിടയിലും രാജ്യത്ത് ആവശ്യത്തിന് ഇന്ധന ശേഖരമുണ്ടെന്ന് രാജ്നാഥ് സിംഗ് യോഗത്തെ അറിയിച്ചു. നിലവിൽ 60 ദിവസത്തെ ഉപയോഗത്തിന് ആവശ്യമായ ക്രൂഡ് ഓയിൽ, പെട്രോൾ, ഡീസൽ, വ്യോമയാന ഇന്ധനം എന്നിവയുണ്ട്. ഏകദേശം 50 ദിവസത്തേക്ക് LNGയും 40 ദിവസത്തേക്ക് LPGയും കരുതിയിട്ടുണ്ട്.

✪✪✪

ഇറാൻ തുറമുഖങ്ങൾക്ക് നേരെ തുടരുന്ന US ഉപരോധം പിൻവലിക്കുന്നതുവരെ ഹോർമൂസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാൻ അറിയിച്ചു. ഉപരോധം വെടിനിർത്തൽ കരാർ ലംഘനമാണെന്നും, കടലിടുക്കിലൂടെ കടന്നുപോകാൻ ശ്രമിക്കുന്ന ഏത് കപ്പലിനെയും ആക്രമിക്കുമെന്നും ഇസ്ലാമിക് റെവല്യൂഷനറി ഗാർഡ് മുന്നറിയിപ്പ് നൽകി. വെള്ളിയാഴ്ച കടലിടുക്ക് തുറന്നതിന് പിന്നാലെയാണ് ഇറാൻ നിലപാട് മാറ്റിയത്. ഹോർമൂസ് കടലിടുക്കിലൂടെ പോവുകയായിരുന്ന ഏതാനും വാണിജ്യ കപ്പലുകൾക്ക് ആക്രമണത്തിൽ നാശനഷ്ടമുണ്ടായതായി റിപ്പോർട്ടുകൾ പറയുന്നു.

✪✪✪

ചരിത്രാവിഷ്കാരങ്ങളെ പുനഃപരിശോധിക്കുകയും, അവയെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിപ്രായപ്പെട്ടു. അധിനിവേശ താല്പര്യങ്ങൾക്ക് അനുസരിച്ച് എഴുതിയവയാണ് പല ചരിത്രരേഖകളുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് ഡോ. P. രാധാകൃഷ്ണൻ നായരുടെ “പതിനായിരം വർഷത്തെ ഭാരത ചരിത്രം : സത്യവും മിഥ്യയും” എന്ന പുസ്തകം പ്രകാശനം ചെയ്യുകയായിരുന്നു ഗവർണർ.

✪✪✪

ചട്ടമ്പിസ്വാമികളുടെ 102 -ാം മഹാസമാധി വാർഷികം ഇന്ന്. സമാധി സ്ഥാനമായ കൊല്ലം ചവറ പന്മന ആശ്രമത്തിൽ അനുസ്മരണ പരിപാടികളും, ആചാരപരമായ ചടങ്ങുകളും നടത്തും. മഹാഗുരുസമാധി സ്മൃതി സമ്മേളനം രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ ഉദ്ഘാടനം ചെയ്യും.

✪✪✪

തൃശൂർ പൂരത്തിന് നാളെ കൊടിയേറ്റം. തിരുവമ്പാടി, പാറമേക്കാവ് വിഭാഗങ്ങൾ നാളെ രാവിലെ പൂരക്കൊടി ഉയർത്തുന്നതോടെ ഇത്തവണത്തെ പൂരത്തിന് തിരശ്ശീല ഉയരും.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

.......വോയ്സ്.......

ആനയും ആൾക്കൂട്ടവും താളമേള വിസ്മയങ്ങളും വിരിയുന്ന പൂരം നാളെ കൊടിയേറും. പൂരത്തിനുള്ള ഒരുക്കങ്ങളിൽ സജീവമാവുകയാണ് തിരുവമ്പാടി പാറമേക്കാവ് ദേവസ്വങ്ങളും ഘടകകക്ഷിക്ഷേത്രങ്ങളും. മുൻവർഷങ്ങളെ കാൾ നിരവധി വിസ്മയങ്ങൾ ഒളിപ്പിച്ചു വെച്ചാണ് ഒരുവർഷവും പൂരം കൊടിയേറുന്നത് .

ജില്ലയിൽ ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൂരം വീക്ഷിക്കാനെത്തുന്ന പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ജില്ലാകളക്ടർ ശിഖ സുരേന്ദ്രന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു.

തിരുവമ്പാടി പാറമേക്കാവ് വിഭാഗങ്ങളുടെ പന്തൽ നാട്ടുകർമ്മം കഴിഞ്ഞതോടെ ഒരുക്കങ്ങൾ തകൃതിയായി നടക്കുകയാണ്.

ഏപ്രിൽ 24നാണ് സാമ്പിൾ വെടിക്കെട്ട്, ഏപ്രിൽ 25ന് പൂര വിളംബര ചടങ്ങുകൾ നടക്കും. 26 നും 27 നും ആണ് പൂര പ്രേമികൾ കാത്തിരിക്കുന്ന വിസ്മയങ്ങൾ ഒളിപ്പിച്ചുവെച്ച തൃശ്ശൂർ പൂരം അരങ്ങേറുക.

✪✪✪

സംസ്ഥാനത്ത് ഇന്നും വയനാടും ഇടുക്കിയും ഒഴികെ 12 ജില്ലകളിൽ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. പാലക്കാട് അടക്കം ജില്ലകളിൽ പകൽ താപനില 40 ഡിഗ്രി സെൽഷ്യസിന് അടുത്തായിരിക്കും. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ പാലക്കാട്ട് ഈ താപനില രേഖപ്പെടുത്തിയിരുന്നു. അൾട്രാ വയലറ്റ് സൂചികയും ഉയർന്ന്

നിൽക്കുന്നതിനാൽ രാവിലെ 11നും വൈകിട്ട് മൂന്നിനുമിടയിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നതിൽ നിന്ന് മാറി നിൽക്കണമെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ മാവിലാക്കാവിലെ അടി ഉത്സവത്തിന് ആയിരങ്ങൾ സാക്ഷിയായി. മാവിലായി നിലാഞ്ചിറ വയലിൽ ഇന്നലെ രാത്രിയായിരുന്നു അടി ഉത്സവം. മൂത്ത കൂർവാഡിലെയും ഇളയ കൂർവാഡിലെയും കൈക്കോളന്മാർ ഏറ്റുമുട്ടിയപ്പോൾ ആർപ്പുവിളികളോടെ കാണികൾ ഹർഷാരവം മുഴക്കി.

കാടാച്ചിറ കച്ചേരി ഇല്ലത്ത് ഒരു പിടി അവിലിനു വേണ്ടി ബാലന്മാർ നടത്തിയ അടിയെ ഓർമ്മിപ്പിച്ചു കൊണ്ടാണ് മാവിലാക്കാവിലെ നിലാഞ്ചിറ വയലിൽ അടി ഉത്സവം ആഘോഷിച്ചത്.

✪✪✪

കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം ഇന്ന് തൃശൂരിൽ ആരംഭിക്കും. അക്കാദമി KT മുഹമ്മദ് തിയറ്ററിൽ 23 വരെയാണ് നാടകമത്സരം. അക്കാദമി ചെയർപേഴ്സൺ മട്ടന്നൂർ ശങ്കരൻകുട്ടി രാവിലെ ഉദ്ഘാടനം ചെയ്യും. രാവിലെ പീപ്പിൾസ് തിയറ്റേഴ്സ് 'അങ്ങാടിക്കുരുവികൾ' എന്ന നാടകം അവതരിപ്പിക്കും.

✪✪✪

വാൽപ്പാറ വാഹനാപകടത്തിൽ മരിച്ച കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് മലപ്പുറം ജില്ലാ സെക്രട്ടറി അബ്ദുൾ മജീദ് മാസ്റ്റർക്ക് KFB സംസ്ഥാന നിർവാഹക സമിതിയോഗം ആദരം അർപ്പിച്ചു. കാഴ്ചയില്ലാത്തവരുടെ മേഖലയിൽ മാത്രമല്ല പൊതുസമൂഹത്തിലും നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച വ്യക്തിയായിരുന്നു മജീദ് മാസ്റ്ററെന്ന് ഫെഡറേഷൻ അനുസ്മരിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർകിംഗ്സിനെ പത്തു റൺസിന് തോൽപ്പിച്ചു. ഹൈദരാബാദിലെ രാജീവ്ഗാന്ധി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഇന്ന് ആദ്യ മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. രണ്ടാം മത്സരത്തിൽ പഞ്ചാബ് കിംഗ്സ് , ലക്നൗ സൂപ്പർ ജയന്റ്സുമായി മത്സരിക്കും. ചണ്ഡിഗഡിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ത്യൻ സമയം ഇന്ന് വൈകിട്ട് അഞ്ചരയ്ക്ക് ഡർബനിലെ കിംഗ്സ്മെഡ് സ്റ്റേഡിയത്തിൽ. ആദ്യ മത്സരത്തിൽ ഇന്ത്യ ആറ് വിക്കറ്റിന് പരാജയപ്പെട്ടിരുന്നു.

✪✪✪

മേട, വിഷു പൂജകൾക്കായി തുറന്ന ശബരിമല ക്ഷേത്ര നട ഇന്നലെ രാത്രി 10 ന് അടച്ചു. തീർഥാടകരുടെ വലിയ തിരക്കാണ് ഇത്തവണ സന്നിധാനത്ത് അനുഭവപ്പെട്ടത്. ഇടവമാസ പൂജകൾക്ക് അടുത്ത മാസം 14 ന് വീണ്ടും നട തുറക്കും.

✪✪✪

*News Reader പി ചന്ദ്രബാബു*
*News Editor : അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*

आकाशवाणी